ചെറുകഥ

# ആമാദ്മി പ്രതിമ

കണക്കൂർ ആർ. സുരേഷ്കുമാർ

ഒരു പ്രതിമ ഇത്ര കുഴപ്പങ്ങൾ ഉണ്ടാക്കുമെന്ന് ഒരു മുനിസിപ്പൽ സെക്രട്ടറി എന്നല്ല, ആരുംതന്നെ വിശ്വസിക്കില്ല. അത് സുപ്രന് അറിയാം. എങ്കിലും സുപ്രൻ കനാൽത്തീരത്തെ മുനിസിപ്പാലിറ്റി ഓഫീസിലേക്ക് ഒരു ഉച്ചനേരം വീണ്ടും കയറിച്ചെന്നു.

‘‘പ്രതിമ ആടെ മേണ്ടാന്ന് ഞാൻ പറേണില്ല സാറേ... അയ്നെ കൊറച്ച് മാറ്റീരുത്താൻ പറ്റീല്ലേല് ചെറുങ്ങനെ ഒന്ന് എടത്തോട്ട് തിരിച്ച് ഇരുത്തിയാലും മതി. അയിന്റെ കണ്ണുകളാ സാറേ പ്രശ്നം.’’

സെക്രട്ടറി അത് കേട്ട് അടുത്തിരിക്കുന്നവരുമായി  വലിയ ചിരി ആയിരുന്നു. സുപ്രൻ ആ ചിരി ഗൗനിക്കാതെ ‘‘ഒരു പരാതി എയ്തിത്തരട്ടെ ? ’’ എന്ന് ചോദിച്ചു.

‘‘താനെന്തവാ തന്തേ എഴുതാൻ പോണത് ? തന്റെ വീട്ടുമുന്നില് മുനിസിപ്പാലിറ്റി സ്ഥലത്ത് മുനിസിപ്പാലിറ്റി പണിത പ്രതിമ തന്നെ ശല്യപ്പെടുത്തിന്നോ ? അതൊരു വെറും പ്രതിമയല്ലേ ? കല്ലും മണ്ണും സിമന്റും കൊഴച്ച് ഒണ്ടാക്കീത് ? പോരെങ്കി, ചുറ്റും വേലിക്കെട്ടുണ്ട്. പൂട്ടിയിട്ട ഇരുമ്പുവാതിലൊണ്ട്. അതേതായാലും എറങ്ങിവന്ന് തന്നെ ഉപദ്രവീക്കില്ല... ഹ... ഹ ...’’

അയാൾ വീണ്ടും ഉറക്കെച്ചിരിച്ചു. മറ്റുള്ളവർ ഏറ്റുചിരിച്ചു.

‘‘ഒും.. അതൊരു വെറും പ്രതിമേത്രെ.. എന്നാൽ നിങ്ങള് ചെന്ന് അതിലൊന്ന് തുപ്പ്... വെവരം അറിയും..’’ സുപ്രൻ ചിരിയരങ്ങിലേക്ക് ഒരു കൂരമ്പ് എറിഞ്ഞു.

‘‘എടാ... തന്തക്കെളവാ... എറങ്ങിപ്പോടാ ഞങ്ങടെ കൈക്ക് പണിയൊണ്ടാക്കാതെ..’’ മുനിസിപ്പാലിറ്റിയോട്  കൂടുതൽ കൂറുള്ള ഒരു ജീവനക്കാരൻ സുപ്രനെ പുറത്തേക്ക് തുരത്തി.

പുറമ്പോക്ക് പതിച്ചുകിട്ടിയ ഇടത്ത് തകിടും പലകയുമടിച്ചുതീർത്ത ഒരു ഒറ്റമുറി വീടാണ് സുപ്രന്റെ താവളം. വല്ലകാലത്തും എവിടെനിന്നെങ്കിലും ഓടിക്കിതച്ച് അവിടെ വന്നുചേരുന്ന ചില ചൊറിപിടിച്ച നായ്ക്കോലങ്ങൾ ഒഴിച്ചാൽ അയാൾ ഏകനാണ്. നായജന്മങ്ങളെ അയാൾ എന്നും കൈനീട്ടി സ്വീകരിക്കും. ഭക്ഷണത്തിന്റെ പങ്ക് നൽകും. ചിലവ തടി നന്നായി എന്ന് ഉറപ്പാകുന്ന ഒരു ദിവസം ഇണ ചേരുവാനുള്ള അഭിവാഞ്ഛയോടെ സുപ്രനോട് യാത്ര പറഞ്ഞുകൊണ്ട് പാത മുറിച്ച് ഓടിപ്പോകും. ചില നായ്ഭാഗ്യവാന്മാർ അവിടെത്തന്നെ ആയുസ്സെത്തി ചാവും. സുപ്രൻ അവയുടെ ജഡം എങ്ങോട്ടെങ്കിലും മാറ്റി കുഴിച്ചിടും.

അയാൾ ആര്, എവിടെ നിന്നും വന്നു എന്നൊന്നും ഈ കഥയിൽ പറയുവാൻ ഉദ്ദേശമില്ല. പക്ഷെ ഒന്ന് ഉറപ്പിച്ച് പറയാം. അയാൾ ചെയ്യാത്ത പണികളില്ല. സാധാരണ പണിക്കാർ ചെയ്യുവാൻ മടിക്കുന്ന  പണികളും അയാൾ മടികൂടാതെ ചെയ്യും. അരയിൽ കയർ ചുറ്റി ഏതു മരത്തിലും കയറും. സെപ്റ്റിക്ക് ടാങ്ക് പൊട്ടിച്ച് വൃത്തിയാക്കും. വളർത്തുമൃഗങ്ങൾ ചത്താൽ ശവം ദൂരെ കൊണ്ടുപോയി  കുഴിച്ചിടും. അതിനാൽ സുപ്രന് കാശിന് ഒരിക്കലും മുട്ടില്ല. എന്നാൽ ഒരു പൈസ പോലും മിച്ചം പിടിക്കുന്ന സ്വഭാവം ഇല്ല. കിട്ടുന്നത് മുഴുവനും തിന്നും കുടിച്ചും അന്നുതന്നെ തീർക്കും. പിന്നെയും കാശ് മിച്ചം വന്നാൽ അത് തീവണ്ടിനിലയത്തിന്റെ പിന്നിലുള്ള കോളനിയിൽ പോയി കഷ്ടത അനുഭവിക്കുന്ന ആർക്കെങ്കിലും വെറുതെ ധനസഹായം നടത്തിക്കളയും. അല്ലെങ്കിൽ പ്ളാറ്റുഫോമിന്റെ അതിരിൽ അന്തിയുറങ്ങുന്ന ഏതെങ്കിലും പെണ്ണിനെ  വിളിച്ച് തന്റെ തറവാട്ടിന്റെ (അങ്ങനെയാണ് ആ ഒറ്റമുറി വീടിനെ സുപ്രൻ അടയാളപ്പെടുത്തുന്നത്) പിന്നിലെ ഒരു രഹസ്യയിടത്തേക്ക് കൂട്ടിക്കൊണ്ടു പോകും.

റോടെതിരിലെ ആ തുണ്ടുപറമ്പായിരുന്നു വർഷങ്ങളായി അയാളുടെ കക്കൂസ്. അല്പം മാറിയുള്ള മുനിസിപ്പാലിറ്റി  ടാപ്പിൽ നിന്നും വെള്ളമെടുത്ത് ആ പൊന്തയുടെ മറവിലിരുന്ന് അയാൾ കാര്യം കഴിച്ചിരുന്നു. ഏതാനും മാസങ്ങൾ മുമ്പാണ് കാടുപിടിച്ചുകിടന്ന ആ തുണ്ടുപറമ്പ് പ്രതിമയ്ക്കായി മുൻസിപ്പാലിറ്റിക്കാർ കണ്ടെത്തിയത്. പണിക്കാർ കാടുവെട്ടിത്തെളിച്ച് സ്ഥലം വൃത്തിയാക്കി. പ്രതിമയെ ഉറപ്പിച്ചിരുത്തുവാനുള്ള പീഠം കല്ലുകെട്ടി ഉണ്ടാക്കി. ചുറ്റും തറയോട് പാകി. അതിരിന് നല്ല ഉശിരൻ ചുറ്റുമതിലും പണിതു.

മുൻസിപ്പൽ സെക്രട്ടറി ഇടയ്ക്കിടെ വന്നുനോക്കി പണിയൊക്കെ സ്വയം കണ്ട് ബോധ്യപ്പെട്ടു. ഉദ്ഘാടനത്തിന് അവിടെ ഒരു ചെറിയ പന്തലിട്ടു. കോടതിയെ വെല്ലുവിളിച്ച് വലിയ കോളാമ്പി സ്പീക്കർ കെട്ടി ഘോരഘോരം പാട്ടുകൾ ഇട്ട് ജനങ്ങളെ കാത് പൊത്തിച്ചു.

പ്രതിമ ഉദ്ഘാടനം ചെയ്ത് ജനത്തിന് സമർപ്പിച്ചത് ബഹുമാനപ്പെട്ട നേതാവാണ്. അവിടെ വന്നെത്തിയ മറ്റു വിശിഷ്ടാതിഥികൾ എല്ലാവരും, പ്രതിമയായി കാലാതിവർത്തിയായി മൂർത്തരൂപം പൂണ്ട ആ മഹാന്റെ മഹത്വങ്ങൾ, റോടിന് അക്കരെ കേൾക്കുവാൻ ഇരുന്ന നാലഞ്ചുപേരോടും, റോടിന് ഇക്കരെ തറവാടിന് മുന്നിൽ വായ പൊളിച്ചുനിന്ന സുപ്രനോടും മൈക്കിലൂടെ പറഞ്ഞുകൊടുത്തു. ‘‘ഈ മഹാന്റെ പ്രതിമ ഇവിടെ സ്ഥാപിക്കുക വഴി അദ്ദേഹത്തിനോട് ഈ നാടിനുള്ള വലിയ ആദരവ് ഏറ്റവും നല്ല രീതിയിൽ വെളിവാക്കുകയാണ് ചെയ്തിരിക്കുന്നത് ’’ എന്ന് നേതാവ് കരഘോഷങ്ങൾക്കിടയിൽ പറഞ്ഞപ്പോൾ സുപ്രൻ തന്റെ തറവാട്ടിന്റെ മുന്നിൽ നിന്ന് നീട്ടി കീഴ്ശ്വാസം വിട്ടു. അയാൾക്ക് ഇപ്പോൾ വെളിക്കിരിക്കാൻ മറ വേണമെങ്കിൽ ഒരു ബീഡി ദൂരം നടന്നുപോകണം.

പ്രതിമ അനാച്ഛാദനം കഴിഞ്ഞ് നേതാവും പരിവാരങ്ങളും സ്ഥലം വിട്ടയുടൻ അടുത്ത മഴവാടിയിൽ ഇരുന്ന ഒരു കാക്ക പറന്നുവന്ന് പ്രതിമയുടെ ഉച്ചിയിൽ ഇരുന്ന് കാഷ്ടിച്ച് തൃപ്തിപ്പെട്ടു. അത്രയും കാലം ആ പാതയോരത്ത് തനിയെ കഴിഞ്ഞ സുപ്രന് തന്റെ പുതിയ അയൽക്കാരനായി വന്ന പ്രതിമയെ അടുത്തുചെന്ന് കാണുവാൻ ആഗ്രഹം

സ്വാഭാവികമായും ഉണ്ടാകുമല്ലോ ? ആളും ബഹളവും കഴിഞ്ഞപ്പോൾ സുപ്രൻ മെല്ലെ പാത മുറിച്ചുകടന്നു. സൗണ്ട്സെറ്റുകാരൻ കോളാമ്പി അഴിച്ചുകെട്ടുന്നു. പന്തൽകാരൻ അത് പൊളിച്ചടുക്കുന്നു. ഒരാൾ പെട്ടിവണ്ടിയിൽ കസേരകൾ അടുക്കിയിരുത്തുന്നു. അവരോടൊക്കെ ഈ 'പ്രതിമയായ മഹാൻ' ആരെന്ന് സുപ്രൻ ചോദിച്ചുനോക്കി. അവർക്ക് ആ മഹാന്റെ പേരല്ലാതെ മറ്റൊന്നും അറിയില്ല. അതും വായിൽ കൊള്ളാത്ത ഒരു പേര്! ഇത്രയും നേരം അവിടെ കൂടിയ പ്രഗൽഭർ പറഞ്ഞ മറ്റു കാര്യങ്ങൾക്ക് ഒന്നും ഈ മനുഷ്യർ ചെവി കൊടുത്തില്ലേ എന്ന് സുപ്രൻ അതിശയിച്ചു.

അയാൾ വളച്ചുകെട്ടിന്റെ ഇരുമ്പുകവാടത്തിൽ ചേർന്നുനിന്ന് പ്രതിമയുടെ മുഖം കണ്ടു. നന്നായി പണിത ഒരു ആൾരൂപം. മിനുസമുള്ള തല. വലിപ്പമുള്ള അല്പം പതിഞ്ഞ മൂക്ക്. ഒറ്റനോട്ടത്തിൽ ജീവനുണ്ടെന്ന് തോന്നും. പഴയൊരു ഉരുക്കുവ്യക്തിയത്രെ ആ മഹാൻ എന്ന് ഒരു ചീവീട് അവിടെ എവിടെയോ പതുങ്ങിയിരുന്ന് പാടി. സുപ്രൻ പ്രതിമയുടെ കണ്ണുകളിൽ സൂക്ഷിച്ചുനോക്കി. ആ കണ്ണുകൾ തന്നെ സൂക്ഷിച്ചുനോക്കുന്നതായി സുപ്രനും തോന്നി. റോഡ് മുറിച്ചുകടന്ന സുപ്രൻ വീണ്ടും തിരിഞ്ഞുനോക്കി. മഹാന്റെ കണ്ണുകൾ സൂക്ഷം തന്നെ പിൻതുടരുന്നു..

ആ സന്ധ്യയിൽ സുപ്രന്റെ വീടിനുമുന്നിൽ ഒരു അപകടം നടന്നു. രണ്ടു വണ്ടികൾ കൂട്ടിമുട്ടി. ആർക്കൊക്കെയോ നല്ല പരിക്കുപറ്റി. ഹൈവേ പോലീസും സുപ്രനും പിന്നെ മറ്റുചില നാട്ടുകാരും ചേർന്ന് പരിക്കേറ്റവരെ ആശുപത്രിയിൽ ആക്കി. ഒന്നും അറിയാത്ത ഭാവത്തിൽ നിന്ന പ്രതിമയെ നോക്കി ''നല്ല ഐശ്വര്യം... വന്ന ദെവസം തന്നെ ഒരു വണ്ടിയിടി കഴിഞ്ഞല്ലൊ....'' എന്ന് സുപ്രൻ പറഞ്ഞു.

രാത്രി അയാൾ ചൂട് അകറ്റുവാൻ ചുവരിലെ കിളിവാതിൽ തുറന്നിടാറുണ്ട്. ഇപ്പോൾ ആ ജാലകക്കാഴ്ച നേരെ ചെന്നെത്തുന്നത് ആ പ്രതിമയുടെ മുഖത്താണ്. വാഹനങ്ങളുടെ പ്രകാശം വീഴുമ്പോൾ പ്രതിമയുടെ കണ്ണുകൾ തിളങ്ങും. ആ രാത്രി ഏറെനേരം സുപ്രൻ ഇടയ്ക്കിടെ പ്രകാശിക്കുന്ന ആ മുഖം നോക്കിക്കിടന്നു.

പകൽ പണിക്കായി ഇറങ്ങുമ്പോൾ അയാൾ പ്രതിമയെ നോക്കിച്ചിരിച്ചു. ആ മഹാൻ തിരികെ ചിരിക്കുന്നില്ല. ഉരുക്കുമുഖത്ത് തിങ്ങിയ ഗൗരവം.

വൈകിട്ട് മഴ പെയ്തു. കുടയില്ലാതെ നനഞ്ഞ ദേഹവുമായി തറവാട്ടിലെത്തിയ സുപ്രൻ മഴ നനഞ്ഞുനിൽക്കുന്ന മഹാനെ നോക്കി. പ്രതിമ സ്ഥാപിച്ചവർക്ക് ഒരു മേൽക്കൂര കൂടി പണിയുവാൻ മേലായിരുന്നോ എന്ന് അയാൾ സ്വയം ചോദിച്ചു. നനഞ്ഞ തുണി മാറ്റി, മണ്ണെണ്ണച്ചിമ്മിനി കത്തിച്ചുവച്ച് തട്ടുകടയിൽ നിന്നും പൊതിഞ്ഞുവാങ്ങിയ ഭക്ഷണവും തുറന്ന്, മടിക്കുത്തിൽ നിന്നെടുത്ത ചെറിയ റംകുപ്പി തുറന്നൊഴിച്ച് അത്താഴത്തിന് ഇരുന്നു.

വാഹനങ്ങൾ റോടിൽ കെട്ടിനിന്ന വെള്ളം തെറിപ്പിച്ച് പാഞ്ഞു പോകുന്ന ശബ്ദം വെളിയിൽ ഇടവിട്ട് മുഴങ്ങി. സുപ്രൻ കിളിവാതിൽ തുറന്നു. ഉരുക്കുമഹാന്റെ കണ്ണുകളിൽ വല്ലാത്ത തിളക്കം! ഭക്ഷണം പാതിയും റം മുഴുവനും തീർന്ന വേളയിൽ അലക്ഷ്യമായി അയാൾ കിളിവാതിലിന് നേർക്ക് മുഖം തിരിച്ചു. വെളിയിൽ രണ്ടു തീക്കണ്ണുകൾ... ! ഒരു

ഞെട്ടലോടെ സുപ്രൻ മുഖം തിരിച്ചു. ആരാണത് ? ഭീതിയോടെ ഒരിക്കൽക്കൂടി അയാൾ ആ കിളിവാതിലിലൂടെ വെളിയിലേക്ക് നോക്കി.

പ്രതിമയിൽ നിന്നും അടർന്നുവരുന്ന ആ തീക്കണ്ണുകളുടെ ഊർജ്ജം തന്റെ തറവാടിനെ ഭസ്മീകരിക്കും എന്നുഭയന്ന് അയാൾ കിളിവാതിൽ തിടുക്കപ്പെട്ട് അടച്ചു. മേൽക്കൂരയിൽ പുതുതായി രൂപം കൊണ്ട ചോർച്ചയിൽ വിളക്കണഞ്ഞു. അവിടെ പരന്ന ഇരുട്ടിൽ ഭീതിപൂണ്ട് സുപ്രൻ കുറച്ചുനേരം ഒരു പ്രതിമ കണക്കെ ഉറഞ്ഞുപോയി. പിന്നെ ഉറക്കത്തിനായി കൊതിച്ച് ചോർച്ചയില്ലാത്ത ഇത്തിരിയിടം തേടി അലഞ്ഞു.

വരണ്ട പ്രഭാതത്തിൽ തലപ്പൊക്കത്തിൽ കാണാവുന്ന ആകാശം ഏതാനും മേഘക്കീറുകളാൽ പ്രതിമയെ അലങ്കരിച്ചിരിക്കുന്നത് സുപ്രൻ കണ്ടു. എങ്കിലും ആ കണ്ണുകളിൽ നോക്കുവാനാവാതെ അയാൾ ഉൾവലിഞ്ഞു. അന്ന് ഹൗസിങ് സൊസൈറ്റി വക വലിയ പുരയിടത്തിലെ കുളം മൂടുന്നയിടത്തായിരുന്നു സുപ്രന് പണി. നാട്ടിലവശേഷിച്ച ഏതോ കുന്ന് മാന്തി എടുത്തുകൊണ്ടുവന്ന മണ്ണ് ലോറിയിൽ നിന്നും ഇറക്കവെ സുപ്രന്റെ അടിതെറ്റി. കാൽമുട്ടിലെ തൊലി കുറേപ്പോയി. ഒന്നര രൂപയുടെ ബാൻഡേയ്ഡുകൾ നിരത്തി ഒട്ടിച്ച കാൽമുട്ടുമായി വീട്ടിലേക്ക് മുടന്തിയെത്തിയ അയാൾ പ്രതിമയിലേക്ക് നോക്കിയതേയില്ല.

അന്ന് ഉച്ചവരെ വെയുതെ സമയം കൊന്ന സുപ്രൻ ബോറഡി മാറ്റുവാൻ വീട്ടിലേക്ക് തള്ളിക്കയറിവന്ന പൊന്തച്ചെടികളെ വെട്ടിയൊതുക്കുവാൻ തുടങ്ങി. റോഡിനക്കരെ ഒരു കാക്ക വല്ലാതെ കരയുന്നു. സുപ്രൻ നോക്കി. അത് പ്രതിമയുടെ തലയിലാണ് ഇരിക്കുന്നത്. അതിനിടെ ഒരു വലിയ പാമ്പ് പൊന്തയുടെ ഉള്ളിൽ നിന്നും സുപ്രന്റെ നേരെ ചാടി. അയാൾ ഒരു വലിയ ശബ്ദത്തോടെ വശത്തേക്ക് മാറി. റോഡിലൂടെ അത് പ്രതിമ നിൽക്കുന്നിടത്തേക്ക് വേഗം പൂണ്ട് ഇഴയവെ, മണലുമായി പരക്കം പാഞ്ഞുവന്ന ഒരു ടിപ്പറിന്റെ ചക്രത്തിനടിയില് അരഞ്ഞുതീർന്നു.

അന്ന് രാത്രി സുപ്രൻ കിളിവാതിൽ തുറന്നില്ല. എങ്കിലും ഉറക്കത്തിൽ ആ ഉരുണ്ട കണ്ണുകൾ അയാളെ ഭയപ്പെടുത്തി. പലവട്ടം അയാൾ ഞെട്ടിയുണർന്നു. ''പ്രതിമ മഹാപ്രഭുവേ...ഞാൻ എന്ത് തെറ്റാ ചെയ്തത് എന്നെ ഇങ്ങനെ ഉപദ്രവിക്കാൻ ?'' എന്ന് ഉറക്കം കെട്ടുകിടന്ന ആ നേരത്ത് സുപ്രൻ പരിതപിച്ചു. ഇനി എന്ത് പ്രായശ്ചിത്തമാണ് താൻ ചെയ്യേണ്ടത് എന്ന് ഇരുട്ടിനോട് ചോദിച്ചു. ഇരുട്ട് നരകിച്ച ഉഷ്ണം കൊണ്ട് നല്ല മറുപടിയും നൽകി.

അടുത്ത ഒരു പ്രഭാതത്തിൽ മറ്റൊരു ദാരുണമായ സംഭവം നടന്നു. അയാളുടെ കൂടെ ശിഷ്ടകാലം കഴിയുവാൻ ആഗ്രഹിച്ച് എത്തിയ ഒരു നായ പ്രതിമയുടെ നേരെ മുമ്പിൽ വണ്ടി മുട്ടിച്ചത്തു. സുപ്രന് സഹിച്ചില്ല. ചുറ്റിലും മുഴുവൻ അപശകുനങ്ങൾ തന്നെ. പ്രതിമയുടെ ദൃഷ്ടിയാണ് എല്ലാത്തിനും കാരണം എന്ന് കണ്ടെത്തുവാൻ അയാൾക്ക് വലിയ ബുദ്ധിമുട്ട് ഉണ്ടായില്ല. അങ്ങിനെയാണ് പ്രതിമയെ ഒരുവശം ചരിച്ചിരുത്തണം എന്ന് സുപ്രൻ മുനിസിപ്പാലിറ്റിയിൽ അപേക്ഷിച്ചത്. അധികൃതർ ആട്ടിപ്പായിച്ചത് അയാൾക്ക് ഏറെ വിഷമമുണ്ടാക്കി. നിരാശയും.

സുപ്രൻ വീടിന്റെ കിളിവാതിൽ തുറക്കാറില്ല. പ്രതിമയെ നോക്കാറില്ല. എങ്കിലും അത് അവിടെ ഉണ്ടെന്ന് അയാൾക്കറിയാം. എങ്ങനെ വഴിമാറിപ്പോയാലും മുഖം തിരിച്ചാലും അതിന്റെ സ്ഥിരത അയാൾക്ക് അംഗീകരിക്കാതെ വയ്യല്ലോ ? വിഷമസന്ധിയിൽ തനിക്ക് കൂട്ടിന് ചൊറി പിടിച്ച ഒരു ചാവാളിപ്പട്ടിയെങ്കിലും വന്നിരുന്നെങ്കിൽ എന്ന് അയാൾ വല്ലാതെ ആഗ്രഹിച്ചു. അയാൾ വീട് വിട്ട് തീവണ്ടിനിലയത്തിന്റെ ഒരു കോണിൽ ചെന്ന് അന്തിയുറങ്ങി. ഒരു പാതിരാത്രിയിൽ സുപ്രൻ ഉണർന്നത് വിചിത്രമായ ഒരു സ്വപ്നത്തിന്റെ വിടുതിയിലാണ്. വിശേഷപ്പെട്ട ഒരു അതിഥി നഗരമദ്ധ്യത്തിൽ ഒരു പ്രതിമ അനാവരണം ചെയ്ത് ഉദ്ഘാടിക്കുന്നു!. ചുറ്റും വലിയ കരഘോഷം. പൂക്കൾ തിങ്ങിയ ചെടികളും ധാരാളം മാമരങ്ങളും ഉള്ള വലിയ ഒരു ഉദ്യാനം. അതിന്റെ നടുവിലാണ് പ്രതിമ. ചുറ്റുമുള്ള ജലധാരകൾ അതിനെ കൂടുതൽ മനോഹരമാക്കുന്നു. അടുത്തുചെന്നപ്പോൾ അത് സുപ്രന്റെ പ്രതിമ തന്നെ ! ഒരു സുന്ദരൻ സുപ്രൻ പ്രതിമ !

ആ സ്വപ്നത്തിലേക്ക് ഒരിക്കൽക്കൂടി തിരികെച്ചെല്ലുവാൻ അയാൾ കണ്ണുകൾ പൂട്ടി. കഷ്ടം... കുത്തഴിഞ്ഞുവീണ തണുപ്പൻ കാറ്റ് അയാളെ തിരികെ ഉറങ്ങുവാൻ സമ്മതിച്ചില്ല. കണ്ണുതിരുമി തല കുടഞ്ഞുകൊണ്ട് അയാൾ എഴുനേറ്റു. ഒരു വയസ്സൻ തീവണ്ടി ശബ്ദമിടറിയ നിലവിളികളോടെ ഏന്തിയേന്തി തെക്കോട്ട് നീങ്ങുന്നു. അൽപ്പം മാറിക്കിടന്ന് ഉറങ്ങുന്ന ഒരു തെരുവുതെണ്ടി ഉറക്കത്തിൽ ചില ആഹ്ളാദ ശബ്ദങ്ങൾ ഉണ്ടാക്കുന്നു. കുന്നോളം പണം അയാൾ സ്വപ്നം കാണുകയാവാം എന്ന് സുപ്രൻ വിചാരിച്ചു. രണ്ട് തെരുവുനായ്ക്കൾ ഉറക്കം വരാത്ത മുഖങ്ങളുമായി അയാളെ നോക്കുന്നുണ്ട്. ഉറക്കച്ചടവോടെ വന്ന ഒരു പോലീസുകാരൻ ''നെന്റെ കയ്യില് ബീഡി ഒണ്ടോടാ തുപ്രാ..'' എന്ന് ചോദിച്ചു. മടിക്കുത്തിൽ നിന്നൊരെണ്ണം പരതിയെടുത്ത് അയാൾക്ക് നൽകിയിട്ട് സുപ്രൻ പുറത്തേക്ക് നടന്നു.

ഒരു സുപ്രൻപ്രതിമ ഉണ്ടാക്കുവാൻ തനിക്ക് കഴിയുമൊ ? എന്തു ചെലവ് വരും ? സുപ്രൻ ചിന്തിച്ചു. ആര് ഉണ്ടാക്കും ? സുപ്രന് ഒരു എത്തും പിടിയും കിട്ടിയില്ല. ഇതെല്ലാം അറിയുന്ന ഒരാളുണ്ട്. ബാർബർ ഷാപ്പ് നടത്തുന്ന പൊന്നയ്യൻ. അയാൾക്ക് അറിയാത്തതായി ഈ ഭൂമിയിൽ ഒന്നുമുണ്ടാവില്ല. തിരികെ വീടെത്തി. കിളിവാതിൽ തുറന്നു. പുറത്ത് മഹാന്റെ പ്രതിമ തലയുയർത്തി നിൽക്കുന്നു. ''അതിലും ഉയരത്തിൽ സുപ്രന്റെ പ്രതിമ ഇവിടെ ഉയരും..'' സുപ്രൻ പുലമ്പി.

പൊന്നയ്യൻ സ്ഥിരം പ്രാർത്ഥനകൾ കഴിച്ച് റോഡിലെ വളവിൽ ഹെൽമെറ്റ് വേട്ട നടത്തുന്ന പോലീസുകാരെ കൗതുകം പുണ്ട് നോക്കിയിരിക്കുമ്പോഴാണ് സുപ്രൻ വെളുക്കെച്ചിരിച്ച് അവിടെ എത്തിയത്. അയാൾ ആവശ്യപ്പെട്ട കാര്യം കെട്ട് പൊന്നയ്യൻ ആദ്യം അന്തംവിട്ടു.

പിന്നെ എന്തെക്കൊയൊ കുറച്ചുനേരം ആലോചിച്ച ശേഷം പറഞ്ഞു– ''അല്ലെങ്കിലും തുപ്രാ... നെന്റെ ഒരു പ്രതിമ അവിടെ ഒണ്ടാക്കുന്നതിൽ എന്താ തെറ്റ്.. നീയും ഈ മഹാരാജ്യത്തെ ഒരു പൗരനല്ലെ ? ദേ ഞാൻ കട അടച്ചേക്കാം.. എന്നിട്ട് ആദ്യം നെന്റെ കാര്യം ശരിയാക്കാം..''

അങ്ങനെ അവർ ആദ്യം ഒന്നാം ശിൽപ്പിയുടെ അടുക്കലെത്തി. ഒന്നാം ശിൽപ്പി തടിച്ച ദേഹത്ത് ഖദർ ഇട്ട് തല ചായം കൊണ്ട് കറുപ്പിച്ച്, തുടത്ത മുഖം മിനുക്കിയിരുന്ന ഒരാൾ ആയിരുന്നു. കാര്യം കേട്ട് ശിൽപ്പി കുറേനേരം ചിരിച്ചു. എത്ര ചിരിച്ചിട്ടും അദ്ദേഹത്തിന് മതിവന്നില്ല. അവസാനം അയാൾ അവരോട് പറഞ്ഞു– ''ഇതൊരു വലിയ തമാശ തന്നെ. ഇനി എന്നെ ചിരിപ്പിക്കാതെ ഒന്ന് പോയിത്തരോ മൊശകോടനും അമ്പട്ടനും..''

രണ്ടാം ശിൽപ്പി ചിരിച്ചില്ല. പകരം 'ആരാണ് മഹാൻ' എന്ന കവിത അലറി. വിപ്ളവത്തിന്റെ ചായം പൂശിയ ഒരു മെല്ലിച്ച രൂപമായിരുന്നു അദ്ദേഹത്തിന്റേത്. തന്നെ പരിഹസിക്കാൻ വന്ന തെമ്മാടികൾ എന്നകണക്കെ രണ്ടാളേയും അദ്ദേഹം ആട്ടിയോടിച്ചു.

മൂന്നാം ശിൽപ്പിയായിരുന്നു സുപ്രന്റെ അയലത്തെ പ്രതിമയ്ക്ക് രൂപം നൽകിയത്. അദ്ദേഹം സുപ്രന്റെ മുഖം തിരിഞ്ഞുനിന്നും മറിഞ്ഞു നിന്നും നോക്കി. ''പ്രതിമയാക്കാൻ പറ്റിയത് തന്നെ.. നല്ല മൊഖവടിവ്...''

''പണം എത്രയായാലും കൊഴപ്പമില്ല..'' സുപ്രൻ തുടർന്നു– ''ഒന്ന് ഒണ്ടാക്കി കിട്ടിയാ മതി..''

''പണമല്ല പ്രശ്നം... പണിയാണ്. നിങ്ങടെ വീട്ടുമുന്നിലെ പ്രതിമ കൂട്ടിയതിൽ പിന്നെ ഞാൻ വേറൊന്നും ചെയ്തിട്ടില്ല. എന്റെ കൈ അതോടെ തളർന്നുപോയി. ഇനി എനിക്ക് മറ്റൊന്ന് ആവില്ല...''

സുപ്രൻ നിരാശയോടെ തല കുനിച്ചു. പൊന്നയ്യൻ ക്ഷുഭിതനായി.

''തുപ്രാ... നീ എന്തുപണിയാ ചെയ്യാത്തത് ? എന്താ  നിനക്ക് ആവാത്തത് ? നീ വിചാരിച്ചാൽ ഒരു പ്രതിമേക്കെ ഒണ്ടാക്കാൻ പറ്റില്ലേ ? ''

ശരിയാണ് എന്ന് സുപ്രനും തോന്നി. അല്ലെങ്കിൽ ഇനി സ്വയം ഉരുകി ഒരു പ്രതിമ ആകേണ്ടിവരുന്ന  സാഹചര്യം വന്നാൽ അതിനും തയ്യാർ എന്നവണ്ണം അയാൾ മനസ്സ് പരുവപ്പെടുത്തുവാൻ തുടങ്ങി. തന്റെ എക്കാലത്തെയും സമ്പാദ്യമായ ചെറ്റപ്പുര പൊളിച്ച് അവിടെ ഒരു  ഉയർന്ന പീഠം പണിയുവാനും ആ ഔന്നത്യത്തിൽ ഒരു പ്രതിമയായി കുടികൊള്ളുവാനും അയാൾ ഉറച്ചു. പക്ഷെ അതിന് കാര്യമായി ശ്രമിക്കേണ്ടി വന്നില്ല. അതിന് മുൻപ് നാലാം ശിൽപ്പി അവരെ തേടിയെത്തി. അയാൾ സാധാരണക്കാരുടെ ശിൽപ്പി ആയിരുന്നു.

നാലാം ശിൽപ്പി കഥകൾ കേട്ട് ചിരിച്ചില്ല. അയാൾ അവരെ ആട്ടിപ്പായിച്ചില്ല. അയാളുടെ കൈകൾ ഇനിയും തളർന്നിട്ടില്ല. അയാൾ സൗമ്യമായി പറഞ്ഞു– ''ഇത് പ്രതിമകളുടെ കാലമാണ്. ഏറ്റവും ഉയരത്തിലുള്ള പ്രതിമ ആരുടേത് എന്നതാണ് വിഷയം. ഒരാൾക്ക് എത്ര പ്രതിമകൾ വരെ ഉണ്ടാകാം എന്നതും വിഷയമായി ഭവിക്കാം. ഇനി രാഷ്ട്രം പ്രതിമകളുടെയാണ്. കാലക്രമേണ നമ്മൾ എല്ലാവരും പ്രതിമകൾ ആയി മാറുന്നുണ്ട്. ജീവനുള്ള, ചലിക്കുന്ന പ്രതിമകൾ... അതുകൊണ്ട് സാധാരണക്കാരന്റെ രാഷ്ട്രീയത്തിനായി അവന്റെ പ്രതിമ തന്നെ വഴിവക്കിൽ സ്ഥാപിക്കണം. അതിനാകട്ടെ നിങ്ങളുടെ ഈ  തുടക്കം.''

സുപ്രൻ പൊന്നയ്യനെ നോക്കി. പൊന്നയ്യൻ തല കുലുക്കി. സാധാരണക്കാരന്റെ രാഷ്ട്രീയം അധികാരത്തിൽ വരുന്നതിന്റെ തിളക്കം ആ മുഖത്ത് ഉണ്ട്. ഇനിയുള്ള പുലരികൾ ശരിയായ ജനാധിപത്യത്തിന്റെ വെളിച്ചമുള്ളത് ആയിരിക്കും എന്ന് ഒരു പ്രാവ് കുറുകി. സാധാരണക്കാരന്റെ രാഷ്ട്രീയക്കാർ കൂട്ടം കൂടി സുപ്രന് ജയ് വിളിച്ചു. ''സുപ്രാ ഞങ്ങടെ നേതാവേ.... ധീരതയോടിനി മുന്നോട്ട്..'' എന്ന് അവർ മുദ്രാവാക്യം മുഴക്കി.

അതുകേട്ട് രോമാഞ്ചത്തോടെ നടന്നുവന്ന സുപ്രൻ  പ്രതിമയുടെ മുന്നിലെത്തി ആ മഹാന്റെ മുഖത്ത് ഞെളിഞ്ഞുനിന്ന് നോക്കി. പ്രതിമയുടെ കണ്ണുകളിലെ വികാരം അയാൾക്ക് വായിച്ചെടുക്കുവാൻ കഴിഞ്ഞില്ല.

തിരികെ റോഡ് മുറിച്ചുകടക്കെ, കൊടി കെട്ടിയ ഒരു വാഹനം ചീറിയടുത്ത് സുപ്രന് ഒഴിഞ്ഞുമാറുവാൻ ഇട നൽകാതെ ഇടിച്ച് അയാളുടെ മോഹങ്ങളടക്കം തരിപ്പണമാക്കി. പിന്നാലെ വന്ന അകമ്പടി വാഹനങ്ങൾ ആ പാവം ആം ആദ്മിയുടെ ദേഹം ചതച്ചരച്ചു. സാധാരണക്കാരന്റെ രാഷ്ട്രീയക്കാർ ഇതൊന്നും ഗൗനിക്കാതെ പ്രതിമ ഉണ്ടാകുന്നതും കാത്ത് മുദ്രാവാക്യങ്ങൾ മുഴക്കി തെക്കോട്ടും വടക്കോട്ടും നടക്കുന്നുണ്ട്.  ഏതോ വീട്ടിൽ നിന്നും പ്രായാധിക്യം മൂലം പുറത്താക്കപ്പെട്ട ഒരു നായ മാത്രം സുപ്രന്റെ തറവാടിന് മുന്നിൽ എത്തി വിഷാദിച്ചിരുന്ന് കുറേനേരം മോങ്ങി.